**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1056** | **07-12-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആർ.ആർ.ടി.യുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള റാപിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) ഏതെല്ലാം സ്ഥലങ്ങളിൽ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.റ്റി-കൾ താത്ക്കാലികമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ആർ.ആർ.ടി.യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | വന്യമൃഗങ്ങൾ വനത്തിനോടു ചേർന്ന ജനവാസ മേഖലകളിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ കൂടുകൾ സ്ഥാപിക്കുന്നതിനും, സുരക്ഷിതമായി അവയെ പിടികൂടി തിരികെ വനത്തിൽ വിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം വിനിയോഗിച്ചു വരുന്നു. വനത്തിനു പുറത്തുള്ള ജനവാസ മേഖലകളിൽ വന്യജീവികളോ, മൃഗങ്ങളോ അപകടത്തിൽപ്പെടുമ്പോൾ അവയെ രക്ഷിച്ച് പരിക്കുകൾ സുഖപ്പെടുത്തി തിരികെ വിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം വിനിയോഗിച്ചു വരുന്നു. കൂടാതെ ജനവാസ മേഖലകളിൽ പാമ്പ് അടക്കമുള്ള അപകടകാരികളായ വന്യജീവികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെടുമ്പോൾ പൊതുജനങ്ങൾ നേരിട്ടോ, ഫോൺ മുഖേനയോ അറിയിക്കുന്നതിന് അനുസരിച്ച് റാപ്പിഡ് റെസ്പോൺസ് ടീം അംഗങ്ങൾ വാഹനവുമായി എത്തി ടി വന്യജീവികളെ തിരികെ വനത്തിലേക്ക് പുനരധിവാസിപ്പിക്കാറുണ്ട്. |
| (സി) | എത്ര തസ്തികകളും വാഹനങ്ങളും ഇതിനായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഇതിനായി അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ മറ്റുസ്ഥലങ്ങളിൽ നിന്നും ആവശ്യാനുസരണം ജീവനക്കാരെ നിയോഗിച്ച് |

| | | | |
|---|---|---|---|
| | | | ആർ.ആർ.റ്റികൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 17 വാഹനങ്ങൾ ആർ.ആർ.റ്റികളുടെ സേവനത്തിനായി ഉപയോഗിച്ചു വരുന്നു. |
| (ഡി) | വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആർ.ആർ.ടി.യുടെ സേവനം വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സേവനം വിപുലീകരിക്കാൻ ആലോചിക്കുന്നുണ്ട്. കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ആർ.ആർ.റ്റി അനുവദിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| | |
|---|---|
| 1. നിലമ്പൂർ നോർത്ത് | സർക്കാർ ഉത്തരവ് (എം.എസ്) നം. 408/2011, വനം തീയതി 16.09.2011 |
| 2. വയനാട് | |
| 3. പാലക്കാട് | |
| 4. കണ്ണൂർ | |
| 5. റാന്നി | |
| 6. കോഴിക്കോട് | സർക്കാർ ഉത്തരവ് (എം.എസ്) നം. 7/2012, വനം തീയതി 15.02.2012 |
| 7. മണ്ണാർക്കാട് | |
| 8. പേപ്പാറ | |

അനുബന്ധം - 2

| | | |
|---|---|---|
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | 5 | സർക്കാർ ഉത്തരവ് (എം.എസ്) നം. 60/2011/വനം, തീയതി 22.12.2011 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 10 | |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 20 | |
| ഡ്രൈവർ | 10 | |

പുനർ വിന്യസിച്ച തസ്തികകളുടെ എണ്ണം

| | | |
|---|---|---|
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | 1 | സർക്കാർ ഉത്തരവ് (എം.എസ്) നം. 07/2012/വനം, തീയതി 15.02.2012 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 4 | |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 12 | |